# WYNAD PRAKRITHI SAMRAKSHANA SAMITHI

**SULTAN'S BATTERY-673 592**
**KERALA**

President / Secretary

Phone: 622024
(0493)

വയനാട് വന്യജീവി കേന്ദ്രം ആനകളുടെയും വന്യജീവികളുടെ ശ്മശാനമായി മാറിയിരിക്കുകയാണ്. ആന ~~[illegible]~~ വേട്ടയും വനം കൊള്ളയും കള്ളവാറ്റും തൊഴിലാക്കിയ പത്തിലധികം സംഘങ്ങൾ മുത്തങ്ങയിലും പുൽപ്പള്ളിയിലും നായ്ക്കെട്ടിയിലും തോൽപ്പെട്ടിയിലുമായി സ്വൈരവിഹാരം നടത്തുന്നു. ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് കഴിഞ്ഞ ദിവസം മുത്തങ്ങയിൽ വിഷം ചേർത്ത വാഴ് കടിച്ച് ഒരു കൊമ്പൻ മരിക്കാനിടയായ സംഭവം. ഇതിന് പുറമെ ശാസ്ത്രീയ ഗവേഷണങ്ങളുടെ പേരിൽ കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടയിൽ നൂറിലധികം ആനകൾ വയനാട് വനമേഖലയിൽ കൊല്ലപ്പെട്ടിട്ടുണ്ട്. ഏഷ്യൻ ആനകളുടെ ലോകത്തിലെ ഏറ്റവും വലിയ ആവാസ കേന്ദ്രത്തിൽ സംഭവിച്ചിരിക്കുന്ന ഈ ദുരന്തത്തിന് അടിയന്തിരമായി അറുതിയുണ്ടാക്കണമെന്ന് ബത്തേരി ഗ്രീൻസ് ചർച്ച് ഹാളിൽ ചേർന്ന പരിസ്ഥിതി പ്രവർത്തകരുടെ യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ പ്രകൃതി സംരക്ഷണസമിതി പ്രസിഡണ്ട് ~~[illegible]~~ ബാബു മൈലമ്പാടി അദ്ധ്യക്ഷത വഹിച്ചു. എൻ. ബാദുഷ, പൃഥ്വിരാജ് മൊടക്കല്ലൂർ, ടി.കെ. ഇന്ദിര ഗംഗാധരൻ, ഡോ. അമ്പിച്ചിറയിൽ, കെ.കെ. സുരേന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

അടുത്ത കാലത്ത് പിടിയിലായ ആന വേട്ടസംഘത്തെ രക്ഷിക്കുന്നതിന് വേണ്ടി

ഹരിക്കുന്ന രേഖ

വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ~~ന്മാ~~മാരുമായി നേതൃത്വ~~[illegible]~~ത്തോടു ജനമദ്ധ്യത്തിൽ നിന്ന കാണിക്കുന്ന തിരുത്തൽ പ്രമേയ പരിപാടികൾക്കു ~~[illegible]~~ അംഗീകരിക്കുന്നതിന്, യോഗം തീരുമാനിച്ചു. അന്താരാഷ്ട്ര തലത്തിൽ ആനക്കൊമ്പ് വിപണി വീണ്ടും തുറന്നു കൊടുത്തതു തീരുമാന ~~[illegible]~~ മൂലം വയനാട്ടിലെ ആനവേട്ട സംഘങ്ങൾ വീണ്ടും സജീവമാകാൻ കാരണമാകുമെന്ന് യോഗം വിലയിരുത്തി.

~~പരിസ്ഥിതി സംഘടനകളുടെ സഹയാത്രികനും മുതിർന്ന പ്രവർത്തകനുമായ കെ. ജയചന്ദ്രന്റെ~~ ചാലിയാർ സംരക്ഷണ സമിതിയുടെ നേതാവ് കെ.എ.റഹ്മാന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. തോമസ് അമ്പലവയൽ സ്വാഗതവും ടി.കെ. ഹസ്സൻ നന്ദിയും പറഞ്ഞു.